**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 112** **19-09-2025 - ൽ മറുപടിയ്ക്ക്**

**മലയോര ഹൈവേ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ. എ. രാജ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | മലയോര ഹൈവേ പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ; | (എ) | കാസർഗോഡ് ജില്ലയിലെ നന്ദാരപ്പടവ് മുതൽ തിരുവനന്തപുരം ജില്ലയിലെ പാറശ്ശാലവരെ നീളുന്ന മലയോര ഹൈവേക്ക് Go (Rt) No. 942 /2017/ PWD തീയതി 10/07/2017 പ്രകാരം 3500 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകി. കിഫ്ബി ഫണ്ട് ഉപയോഗിച്ച് 793.68 കിലോമീറ്റർ റോഡാണ് ഈ പദ്ധതിയിലുൾപ്പെടുത്തി കെ.ആർ.എഫ്.ബി-പി.എം.യു മുഖേന നടപ്പിലാക്കുന്നത്. 738.20 കിലോമീറ്റർ റോഡിന് സാമ്പത്തിക അനുമതി നൽകിയിട്ടുണ്ട്. 548.25 കി.മീ സാങ്കേതികാനുമതി നൽകി, ടെൻഡർ ചെയ്തു. അതിൽ, 481.13 കി.മീ പ്രവൃത്തി പുരോഗമിക്കുന്നു. ഇതുവരെ 212.20 കി.മി. റോഡിന്റെ പ്രവൃത്തി പൂർത്തിയായി. |
| (ബി) | മലയോര ഹൈവേ പദ്ധതിയിൽ ഇപ്പോൾ നടക്കുന്ന വിവിധ റീച്ചുകളിലെ പ്രവൃത്തികൾ വിശദമാക്കാമോ; | (ബി) | മലയോര ഹൈവേ പ്രവൃത്തികൾക്കായി ഇതുവരെ 3611 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. മലയോര ഹൈവേ പദ്ധതിയുടെ വിവിധ റീച്ചുകളിലെ പ്രവർത്തികളുടെ ജില്ലാടിസ്ഥാനത്തിലുള്ള തൽസ്ഥിതി വിവരം അനുബന്ധമായി ചേർക്കുന്നു. |
| (സി) | പ്രസ്തുത പദ്ധതിക്കായി നിലവിൽ എത്ര കോടി രൂപയുടെ സാമ്പത്തിക അനുമതിയാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (സി) | മലയോര ഹൈവേ പ്രവൃത്തികൾക്കായി ഇതുവരെ 3611 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. മലയോര ഹൈവേ പദ്ധതിയുടെ വിവിധ റീച്ചുകളിലെ പ്രവർത്തികളുടെ ജില്ലാടിസ്ഥാനത്തിലുള്ള തൽസ്ഥിതി വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | ഏതെല്ലാം റീച്ചുകളിലെ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്; വിശദമാക്കാമോ; | (ഡി) | മലയോര ഹൈവേ പ്രവൃത്തികൾക്കായി ഇതുവരെ 3611 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. മലയോര ഹൈവേ പദ്ധതിയുടെ വിവിധ റീച്ചുകളിലെ പ്രവർത്തികളുടെ |

| | | | |
|---|---|---|---|
| | | | ജില്ലാടിസ്ഥാനത്തിലുള്ള തൽസ്ഥിതി വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ഇ) | പദ്ധതി എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നാണ് വിലയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ഇ) | ഭൂമി ലഭ്യമായ ഇടങ്ങളിലെ മലയോരഹൈവേ പ്രവർത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. പ്രവർത്തി പൂർത്തിയാകുന്ന റീച്ചുകൾ ഉടൻ തന്നെ ജനങ്ങൾക്ക് തുറന്നുകൊടുക്കുകയാണ് ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## മലയോരഹൈവേ -വിവിധ റീച്ചുകളിലെ പ്രവർത്തികളുടെ ജില്ലാടിസ്ഥാനത്തിലുള്ള തൽസ്ഥിതി വിവരം

**തിരുവനന്തപുരം ജില്ല**

1. കള്ളിക്കാട് പാറശ്ശാല - ഒന്നാം ഘട്ടം (15.7 കി.മി) പൂർത്തിയായി.
2. കള്ളിക്കാട് പാറശ്ശാല - രണ്ടാം ഘട്ടം (7.45 കി.മി).- 6.65 കിലോമീറ്റർ പ്രവൃത്തി 31.05.2024-ന് പൂർത്തിയാക്കി. പുറമ്പോക്ക് (800 മീറ്റർ) പുനരധിവാസത്തിനായി ഭൂമി കണ്ടെത്തിയിട്ടുണ്ട്. പുതിയ വീടുകളുടെ നിർമ്മാണം പൂർത്തിയായതിനു ശേഷം പുനരധിവാസം നടത്തി ബാക്കി പ്രവൃത്തി പൂർത്തിയാക്കാൻ സാധിക്കും.
3. കുടപ്പനമൂട്-വാഴിച്ചൽ (2.9 കി.മീ) 28.02.2024-ന് കരാർ നൽകി, പ്രവൃത്തി പുരോഗമിക്കുന്നു. നിലവിൽ 98% പൂർത്തിയായി.
4. കൊപ്പം – പെരിങ്ങമ്മല (9.45 കി.മി) - പ്രവൃത്തി നിലവിൽ 86% പൂർത്തിയായി. 30.12.2025 നുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാനാകുമെന്നു പ്രതീക്ഷിക്കുന്നു.
5. കൊല്ലായിൽ - ചല്ലിമുക്ക് (21.08 കി.മി) - പ്രവൃത്തി പൂർത്തിയായി.
6. പെരിങ്ങമ്മല - പാലോട് (പാലോട് ബ്രൈമോർ റോഡ് ഓവർലാപ്പ് ചെയ്യുന്നു) (3.5 കി.മി)- പ്രവൃത്തി പൂർത്തിയായി.

**കൊല്ലം ജില്ല**

1. കൊല്ലായിൽ (ചല്ലിമുക്ക്) - പുനലൂർ കെ.എസ്.ആർ.ടി.സി (46.1 കി.മി) - പ്രവൃത്തി പൂർത്തിയായി.

**കോട്ടയം ജില്ല**

1. പ്ലാച്ചേരി -കരിങ്കല്ലുമൂഴി (7.5 കി.മി) - പ്രവൃത്തിക്ക് 20.03.2022-ൽ 33.19 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകി. പ്രൊജക്റ്റ് എക്സിക്യൂഷൻ ഡോക്യുമെന്റ് (PED) തയ്യാറാക്കി വരുന്നു. 10 വീടുകളുടെ പുനരധിവാസം നടത്തേണ്ടതായിട്ടുണ്ട്. വനഭൂമിയുടെ രണ്ടാം ഘട്ട അംഗീകാരത്തിനായി നടപടികൾ പുരോഗമിക്കുന്നു.

**ഇടുക്കി ജില്ല**

1. കുട്ടിക്കാനം – ചപ്പാത്ത് (19.0 കി.മി) - പ്രവൃത്തി പൂർത്തിയായി.
2. പീരുമേട് - ദേവികുളം റോഡിന് ചപ്പാത്ത് മുതൽ പുളിയന്മല വരെയുള്ള ഭാഗത്ത് 144.09 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതി 31.07.2022 ൽ നൽകി.. ടി പ്രവൃത്തി സ്ഥല ലഭ്യതയുടെ അടിസ്ഥാനത്തിൽ നാലായി തിരിച്ചതിൻറെ വിശദാംശം ചുവടെ ചേർക്കുന്നു.

   a. പീരുമേട് - ദേവികുളം - ഒന്നാം ഘട്ടം (12.7 കി.മി) - പ്രവൃത്തിക്ക് 10.11.2021-ൽ 72.56 കോടി രൂപയുടെ സാങ്കേതികാനുമതി നൽകി. പ്രവൃത്തി പുരോഗമിക്കുന്നു (82%).

b. പീരുമേട് - ദേവികുളം - രണ്ടാം ഘട്ടം (2.9 കി.മി) - പ്രവൃത്തി പൂർത്തിയായി.

c. പീരുമേട് - ദേവികുളം - മൂന്നാം ഘട്ടം (5.45 കി.മി) - പ്രസ്തുത പ്രവൃത്തിക്ക് 16.08.2022-ൽ 52.84 കോടി രൂപയുടെ സാങ്കേതികാനുമതി നൽകി. പ്രവൃത്തി പുരോഗമിക്കുന്നു (70%).

d. പീരുമേട് - ദേവികുളം - നാലാം ഘട്ടം (6.66 കി.മി) - പ്രസ്തുത പ്രവൃത്തിക്ക് സാങ്കേതികാനുമതി, പുതുക്കിയ സാമ്പത്തികാനുമതി എന്നിവ നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

3. മൈലാടുംപാറ - പുളിയൻമല (25.78 കി.മി) - സാമ്പത്തികാനുമതി നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

4. ഏലക്കൽ പാലം - വലിയ മുല്ലക്കാനം (5.25 കി.മി) - പ്രസ്തുത പ്രവൃത്തിക്ക് 20.03.2022-ൽ 39.79 കോടി രൂപയുടെ സാമ്പത്തികാനുമതിയും 25.04.2022-ൽ 39.46 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകി. പ്രവൃത്തി പുരോഗമിക്കുന്നു (40%).

5. ഇരുട്ടുക്കാനം - ഏലക്കൽ പാലം (12.87 കി.മി) - സാമ്പത്തികാനുമതി നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

<u>എറണാകുളം ജില്ല</u>

1. ചേരംഗനാൽ - നേര്യമംഗലം (13.4 കി.മി) - പ്രവൃത്തിക്ക് 20.03.2022-ൽ 65.57 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകി. സൗജന്യമായി ഭൂമി ലഭ്യമല്ലാത്തതിനാൽ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. വനഭൂമിയുടെ ഒന്നാം ഘട്ട അംഗീകാരത്തിനായി പുതിയ നഷ്ടപരിഹാര വനവത്ക്കരണ ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

2. യൂക്കാലി ജംഗ്ഷൻ - ഇല്ലിത്തോട് (6.16 കി.മി)- പ്രവൃത്തിക്ക് 08.08.2022-ൽ 34.84 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകി. സൗജന്യമായി ഭൂമി ലഭ്യമല്ലാത്തതിനാൽ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. വനഭൂമിയുടെ ഒന്നാം ഘട്ട അംഗീകാരത്തിനായി പുതിയ നഷ്ടപരിഹാര വനവത്ക്കരണ ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. .

3. ഇല്ലിത്തോട് - അഭയാരണ്യം (elevated റോഡ്) - പ്രവൃത്തിക്ക് 04.08.2022-ൽ 32.09 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതി നൽകി. ചെട്ടിനട (1.895 കി.മി) -സൗജന്യമായി ഭൂമി ലഭ്യമല്ലാത്തതിനാൽ പ്രവൃത്തികൾ ആരംഭിക്കുവാൻ സാധിച്ചിട്ടില്ല. വനഭൂമിയുടെ ഒന്നാം ഘട്ട അംഗീകാരത്തിനായി പുതിയ നഷ്ടപരിഹാര വനവത്ക്കരണ ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

4. വെറ്റിലപ്പാറ – മഞ്ഞപ്ര - യൂക്കാലി ജംഗ്ഷൻ (23.269 കി.മി) - പ്രവൃത്തിക്ക് 05.04.2023-ൽ 105.02 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതി നൽകി. സൗജന്യമായി ഭൂമി ലഭ്യമല്ലാത്തതിനാൽ പ്രവൃത്തി ആരംഭിക്കുവാൻ സാധിച്ചിട്ടില്ല. വനഭൂമിയുടെ ഒന്നാം ഘട്ട അംഗീകാരത്തിനായി പുതിയ നഷ്ട പരിഹാര വനവത്ക്കരണ ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

5. ചെട്ടിനട - ചേരങ്ങനാൽ (15.244 കി.മി) - പ്രവൃത്തിക്ക് 08.08.2022-ൽ 76.26 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകി. സൗജന്യമായി ഭൂമി ലഭ്യമല്ലാത്തതിനാൽ പ്രവൃത്തികൾ ആരംഭിക്കുവാൻ സാധിച്ചിട്ടില്ല.

**തൃശൂർ ജില്ല**

1. പട്ടിക്കാട് വിളങ്ങന്നൂർ (5.3 കി.മി) – പ്രവൃത്തി പൂർത്തിയായി.
2. വെള്ളിക്കുളങ്ങര - വെറ്റിലപ്പാറ പാലം (19.0 കി.മി) - പ്രവൃത്തിക്ക് 31.03.2023-ൽ 124.69 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതിയും 10.02.2022-ൽ 107.276 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകി. പ്രവൃത്തി പുരോഗമിക്കുന്നു (10%).
3. വിളങ്ങന്നൂർ- വെള്ളിക്കുളങ്ങര (30.84 കി.മി) - പ്രവൃത്തിക്ക് 20.03.2022-ൽ 136.49 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകി. ഫ്രീ സറണ്ടർ വ്യവസ്ഥയിൽ ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. വനഭൂമി ഏറ്റെടുക്കുന്നതിനായി പുതിയ സിഎ ലാൻഡ് കണ്ടെത്തി സംയുക്ത പരിശോധന നടത്തിയിട്ടുണ്ട്. കുറച്ച് സ്ഥലത്തിന് സംസ്ഥാന ലാൻഡ് ബോർഡിന്റെ അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

**പാലക്കാട് ജില്ല**

1. നെന്മാറ ബൈപാസ് - തങ്കം ജംഗ്ഷൻ (15.21 കി.മി) - പ്രവൃത്തിക്ക് 27.04.2023-ൽ 75.83 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകി. സാങ്കേതികാനുമതിക്കും ഫ്രീ സറണ്ടർ വ്യവസ്ഥയിൽ ഭൂമി ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ പുരോഗമിക്കുന്നു.
2. പനങ്ങാട്ടിരി-വിത്തനശ്ശേരി (7.057 കി.മി) - പ്രവൃത്തിക്ക് 30.03.2023-ൽ 33.18 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകി. സാങ്കേതികാനുമതിക്കും ഫ്രീ സറണ്ടർ വ്യവസ്ഥയിൽ ഭൂമി ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ പുരോഗമിക്കുന്നു.
3. ഗോപാലപുരം- നെടുമണി- സ്ട്രെച്ച് 1 (14.86 കി.മി) - പ്രവൃത്തിക്ക് 05.04.2023-ൽ 73.21 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകി. 3 പാലങ്ങൾക്കുള്ള 20.62 കോടി രൂപയുടെ സാങ്കേതികാനുമതി നൽകി. ഫ്രീ സറണ്ടർ വ്യവസ്ഥയിൽ ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.
4. ഗോപാലപുരം- നെടുമണി- സ്ട്രെച്ച് 2 (15.73 കി.മി) - പ്രവൃത്തിക്ക് 30.03.2023-ൽ 82.56 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകി. ഫ്രീ സറണ്ടർ വ്യവസ്ഥയിൽ ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ജലസേചന വകുപ്പിൽ നിന്ന് ഭൂമി ഏറ്റെടുക്കുന്നതിനായി വകുപ്പിന്റെ എൻ.ഒ.സി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.
5. കാഞ്ഞിരംപാറ മസ്ജിദ് - കുമരംപുത്തൂർ (18.10 കി.മി) - പ്രവൃത്തിക്ക് 05.04.2023-ൽ 91.41 കോടി രൂപയുടെ സാമ്പത്തികാനുമതിയും 05.07.2024-ൽ 91.41 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകി. പ്രവൃത്തി പുരോഗമിക്കുന്നു (5%).

**മലപ്പുറം ജില്ല**

1. പൂക്കോട്ടുംപാടം കാളികാവ് - ഒന്നാം ഘട്ടം (8.7 കി.മി) - പ്രവൃത്തി പൂർത്തിയായി.

2. പൂക്കോട്ടുംപാടം – കാളികാവ് – രണ്ടാം ഘട്ടം (18.10 കി. മി.) - പ്രവൃത്തിക്ക് 19.09.2022-ൽ 131.61 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതിയും 23.05.2022-ൽ 75.79 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകി. പ്രവൃത്തി പുരോഗമിക്കുന്നു (70%). .

3. പൂക്കോട്ടുംപാടം -മൈലാടി പാലം (10.9 കി. മി.) - പ്രവൃത്തി പൂർത്തിയായി.

4. പൂക്കോട്ടുംപാടം - മൂലേപ്പാടം രണ്ടാം ഘട്ടം (മൈലാടി പാലം മുതൽ മൂലേപ്പാടം വരെ (11.5 കി. മി.) പ്രവൃത്തിക്ക് 13.12.2024-ൽ 101.82 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതിയും 19.03.2025-ൽ 46.178 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകി. പ്രവൃത്തി ടെൻഡർ ചെയ്തു. കരാർ നടപടികൾ പുരോഗമിക്കുന്നു

5. നിലമ്പൂർ -മൂലേപ്പാടം -നായാടംപൊയിൽ (11.5 കി. മി.) - പ്രവൃത്തിക്ക് 28.08.2022-ൽ 80.02 കോടി രൂപയുടെ സാമ്പത്തികാനുമതിയും 18.03.2025-ൽ 74.056 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകി. പ്രവൃത്തി ടെൻഡർ ചെയ്തു കരാർ നടപടികൾ പുരോഗമിക്കുന്നു.

6. ചിറക്കൽ - ഉച്ചാരക്കടവ്, ഉച്ചാരക്കടവ് – കാഞ്ഞിരംപാറ (12.28 കി. മി.) - പ്രവൃത്തിക്ക് 25.11.2024-ൽ 50.57 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതിയും 28.03.2025-ൽ 48.191 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകി പ്രവൃത്തി ടെൻഡർ ചെയ്തു. കരാർ നടപടികൾ പുരോഗമിക്കുന്നു.

**കോഴിക്കോട് ജില്ല**

1. കോടഞ്ചേരി -കക്കാടംപൊയിൽ (35.35 കി.മീ) പ്രവൃത്തി പൂർത്തിയായി.

2. തലയാട് - മലപുറം - കോടഞ്ചേരി - ഒന്നാം ഘട്ടം (9.99 കി. മി) - പ്രവൃത്തിക്ക് 12.04.2023-ൽ 106.08 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതിയും 16.12.2023-ൽ 47.62 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകി. പ്രവൃത്തി പുരോഗമിക്കുന്നു (80%).

3. തലയാട് - മലപുറം - കോടഞ്ചേരി - രണ്ടാം ഘട്ടം – (8.01 കി. മി.) - പ്രവൃത്തിക്ക് 12.04.2023-ൽ 106.08 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതിയും 13.04.2022-ൽ 55.06 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകി പ്രവൃത്തി പുരോഗമിക്കുന്നു (25%).

4. 28-ആം മൈൽ - തലയാട് ടൗൺ (6.79 കി. മി) - പ്രവൃത്തിക്ക് 04.04.2023-ൽ 50.31 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതിയും 47.00 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകി . പ്രവൃത്തി പുരോഗമിക്കുന്നു (70%).

5. മരിപ്പുഴ - ആനക്കാംപൊയിൽ- പുല്ലൂരാംപാറ (12.0 കി. മി) - പ്രവൃത്തിക്ക് 06.08.2020-ൽ 108.16 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതിയും 11.04.2023-ൽ 108.31 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകി പ്രവൃത്തി പുരോഗമിക്കുന്നു .

6. ചുങ്കക്കുട്ടി - പൂതംപാറ പാലം (5.446 കി. മി.) - പ്രവൃത്തിക്ക് 11.08.2022-ൽ 38.47 കോടി രൂപയുടെ സാമ്പത്തികാനുമതിയും 10.04.2025-ൽ 37.47 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകി പ്രവൃത്തി ടെൻഡർ ചെയ്തു. കരാർ നടപടികൾ പുരോഗമിക്കുന്നു.

7. പെരുവണ്ണാമുഴി മുതൽ 28-ആം മൈൽ വരെ (15.65 കി. മി.) - പ്രവൃത്തിക്ക് 09.05.2025-ൽ 82.49 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതി നൽകി. Part TS -1 (5.5 കി.മീ.) പ്രവൃത്തി പുരോഗമിക്കുന്നു (30%). പാർട്ട് TS-II - 37.47 കോടി രൂപയുടെ സാങ്കേതികാനുമതി നൽകി, പ്രവൃത്തി ടെൻഡർ ചെയ്തു. കരാർ നടപടികൾ പുരോഗമിക്കുന്നു.

8. മുള്ളൻകുന്ന് – പെരുവണ്ണാമുഴി (8.06 കി. മി.) - പ്രവൃത്തിക്ക് 08.08.2022-ൽ 38.39 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകി. ഫ്രീ സറണ്ടർ വ്യവസ്ഥയിൽ ഭൂമി ലഭ്യമാക്കുന്നതിനും ജലസേചന വകുപ്പിൽ നിന്ന് ഭൂമി ഏറ്റെടുക്കുന്നതിനുമുള്ള നടപടികൾ പുരോഗമിക്കുന്നു.

9. തൊട്ടിൽപ്പാലം - മുള്ളൻകുന്ന് (6.4 കി. മി.) പ്രവൃത്തിക്ക് 08.08.2022-ൽ 29.77 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകി. ഭൂമി ലഭ്യമായ 5 കി. മീ. സ്ട്രെച്ചിന് 14.03.2025-ൽ 28.32 കോടി രൂപയുടെ സാങ്കേതികാനുമതി നൽകി പ്രവൃത്തി ടെൻഡർ ചെയ്തിട്ടുണ്ട്. കരാറിൽ ഏർപ്പെടുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. കാവിലമ്പാറ ഗ്രാമപഞ്ചായത്തിലൂടെ കടന്നു പോകുന്ന ഭാഗത്ത് സൗജന്യ ഭൂമി ലഭ്യമായിട്ടില്ല.

10. പൂതംപാറ പാലം - മൂന്നാംകൈ- തൊട്ടിൽപ്പാലം (7.225 കി. മി.) - പ്രസ്തുത പ്രവൃത്തിക്ക് 30.03.2023-ൽ 45.34 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകി. ഫ്രീ സറണ്ടർ വ്യവസ്ഥയിൽ ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

**വയനാട് ജില്ല**

1. കൽപ്പറ്റ ബൈപാസ് -മേപ്പാടി- കാപ്പൻകൊല്ലി -ചൂരൽമല (16.75 കി. മി.)- കരാറുകാരന്റെ നഷ്ടോത്തരവാദിത്ത്വത്തിൽ കരാർ അവസാനിപ്പിച്ചു. ബാലൻസ് വർക്ക് പുനഃക്രമീകരിച്ച് 14.01.2024-ൽ 34.63 കോടി രൂപയുടെ പുതുക്കിയ സാങ്കേതികാനുമതി നൽകി പ്രവൃത്തി ടെൻഡർ ചെയ്തു. പ്രവൃത്തി പുരോഗമിക്കുന്നു (55%).

2. കൊട്ടിയൂർ-ബോയ്സ് ടൗൺ (43.0 കി. മി.) - പ്രസ്തുത പ്രവൃത്തിക്ക് 18.11.2023-ൽ 186.65 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതിയും 01.01.2021-ൽ 123.60 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകി. പ്രവൃത്തി പുരോഗമിക്കുന്നു (72%).

3. കുഞ്ഞോം - നിറവിൽപുഴ – ചുങ്കക്കുട്ടി (8.521 കി. മി.) - പ്രവൃത്തിക്ക് 08.08.2022-ൽ 36.52 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതിയും 24.08.2023-ൽ 26.638 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകി. പ്രവൃത്തി പുരോഗമിക്കുന്നു (12%).

**കണ്ണൂർ ജില്ല**

1. വള്ളിത്തോട് അമ്പായത്തോട് (25.3) - പ്രവൃത്തിക്ക് 13.03.2024-ൽ 83.16 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതിയും 24.08.2023-ൽ 26.638 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകി . പ്രവൃത്തി പുരോഗമിക്കുന്നു (80%).
2. അമ്പായത്തോട്- ബോയ്സ് ടൗൺ (6.0) - പ്രവൃത്തിക്ക് 12.08.2025-ൽ 41.44 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതി നൽകി. സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. വനഭൂമിയുടെ ഒന്നാം ഘട്ട അംഗീകാരം ലഭിച്ചു. രണ്ടാം ഘട്ട അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

**കാസർകോട് ജില്ല**

1. നന്ദാരപ്പടവ് - ചേവാർ (23) - 27.02.2021 -ന് പ്രവൃത്തി പൂർത്തിയായി.
2. കോളിച്ചാൽ - ഇടപ്പറമ്പ് (24.4) - 21 കിലോമീറ്റർ പ്രവൃത്തി പൂർത്തിയാക്കി . ബാക്കിയുള്ള 3 കിലോമീറ്റർ വനഭാഗമാണ് നടപ്പാക്കേണ്ടത്. വനഭൂമിയുടെ ഒന്നാം ഘട്ട അംഗീകാരത്തിനുള്ള നടപടികൾ പുരോഗമിക്കുന്നു.
3. കോളിച്ചാൽ ചെറുപുഴ (28.87) - പ്രവൃത്തിക്ക് 18.08.2021-ൽ 89.24 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതിയും 19.12.2018-ൽ 82 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകി. പ്രവൃത്തി പുരോഗമിക്കുന്നു (95%).
4. ചേവാർ - ഇടപ്പറമ്പ (27.97) - പ്രവൃത്തിക്ക് 02.12.2022-ൽ 86.63 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതിയും 08-03-2022-ൽ 83.84 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകി. പ്രവൃത്തി പുരോഗമിക്കുന്നു (85%).

**സെക്ഷൻ ഓഫീസർ**